## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6221 — 20.11.2019-ൽ മറുപടിയ്ക്ക്

## കാലിത്തീറ്റ വിലവർദ്ധന മൂലമുണ്ടായ പ്രതിസന്ധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് കാലിത്തീറ്റയുടെ വിലനിലവാരം 2016-17,2017-18,2018-19 വർഷങ്ങളിൽ എപ്രകാരമായിരുന്നുവെന്ന് അറിയിക്കുമോ; | എ) | വിലനിലവാരം അനുബന്ധമായി ചേർക്കുന്നു . |
| ബി) | 2018, 2019 ലെ പ്രളയത്തിൽ ദുരിതത്തിലായ ക്ഷീരകർഷക്ക് കാലിത്തീറ്റയുടെ വിലവർദ്ധന മൂലമുണ്ടായ പ്രതിസന്ധികളിൽ നിന്ന് സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | ബി) & സി) | 2018-ലെ പ്രളയബാധിത പ്രദേശങ്ങളിൽ നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്, തമിഴ് നാട്, തെലുങ്കാന, ആന്ധ്രാപ്രദേശ് , ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരള ഫീഡ്സ് ലിമിറ്റഡ്, മറ്റു സ്വകാര്യ പൊതുമേഖലാ ഏജൻസികൾ എന്നിവർ നൽകിയ തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതങ്ങൾ, മരുന്നുകൾ മുതലായവ വിതരണം ചെയ്യുകയുണ്ടായി .<br>കൂടാതെ 1968.1 മെട്രിക് ടൺ കാലിത്തീറ്റ , 1603.2 മെട്രിക് ടൺ പച്ചപ്പുൽ, 63.48 മെട്രിക് ടൺ ടി.എം.ആർ തീറ്റ, 28.44 മെട്രിക് ടൺ ധാതുലവണ മിശ്രിതം എന്നിവ വാങ്ങി വിതരണം ചെയ്തു .<br>കാലിത്തീറ്റയുടെ വിലവർദ്ധനവിൽ നിന്നും കർഷകർക്ക് ആശ്വാസം ലഭിക്കുന്നതിനായി സംസ്ഥാനത്തെ ഭൂരിഭാഗം പഞ്ചായത്തുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ സബ് സിഡി/ |
| സി) | പ്രസ്തുത നടപടികൾ നിലവിലെ പ്രതിസന്ധികൾ മറികടക്കാൻ പര്യാപ്തമാണോയെന്നു പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 പ്രളയത്തിൽ മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ് മുഖേന കേരള ഫീഡ്സിന്റെ കാലിത്തീറ്റ ധാതുലവണ മിശ്രിതം ടി.എം.ആർ ബ്ലോക്ക് എന്നിവ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. പ്രളയമേഖലകളിൽ ക്ഷീരകർഷകർക്ക് 2018 സെപ്റ്റംബർ മാസം കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ ചാക്കൊന്നിനു 100/- രൂപ വിലക്കിഴിവിൽ ആകെ 1,78,015 ചാക്ക് കാലിത്തീറ്റ 1,78,01,500 രൂപ വിലക്കിഴിവിൽ പൊതുവിപണിയിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ദുരന്ത നിവാരണ വകുപ്പിൽ നിന്നും നൽകിയ 2.60 കോടി രൂപ വിനിയോഗിച്ച് പ്രളയ ബാധിത പ്രദേശങ്ങളിൽ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. 2019-ൽ പ്രളയബാധിക മേഖലകളിൽ മിൽമ, കേരള ഫീഡ്സ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി കാലിത്തീറ്റ, ധാതുലവണ മിശ്രിതം, സമ്പുഷ്ടീകരിച്ച വയ്ക്കോൽ കട്ട, ടി.എം.ആർ എന്നിവ 80,38,380/- രൂപയുടെള്ളത് വാങ്ങി വിതരണം ചെയ്തു. മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ മൃഗസംരക്ഷണ-ക്ഷീര മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ഒരു പരിധി വരെ സഹായകരമായിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 2016-17 ,2017-18, 2018-19 വർഷങ്ങളിൽ കേരള ഫീഡ്സ് ലിമിറ്റഡിന്റെ കാലിത്തീറ്റയുടെ വിലനിലവാരം

| സാമ്പത്തിക വർഷം | തീയതി | പരമാവധി വില്പന വില (MRP) | | | |
|---|---|---|---|---|---|
| | | കേരള ഫീഡ് എലൈറ്റ് (per 50 Kg bag) | കേരള ഫീഡ്സ് മിടുക്കി (per 50 Kg bag) | കേരള ഫീഡ്സ് റിച്ച് (per 50 Kg bag) | കേരള ഫീഡ്സ് എസ്.എൽ.ബി.പി (per 50 Kg bag) |
| 2016-17 | 15.02.2016 | 1125/- | - | 1000/- | 850/- |
| | 01.01.2017 | 1125/- | - | 1000/- | 925/- |
| | 02.01.2017 | 1125/- | - | 1010/- | 925/- |
| 2017-18 | 12.06.2017 | 1125/- | 1070/- | - | 925/- |
| | 23.10.2017 | 1100/- | 1045/- | - | 925/- |
| | 27.11.2017 | 1100/- | 1025/- | - | 925/- |
| | 01.02.2018 | 1100/- | 1025/- | 995/- | 1025/- |
| | 12.03.2019 | 1085/- | 1010/- | 980/- | 1025/- |
| 2018-19 | 18.12.2018 | 1105/- | 1035/- | 1005/- | 1025/- |
| | 04.02.2019 | 1150/- | 1070/- | 1045/- | 1025/- |
| | 09.03.2019 | 1175/- | 1095/- | 1070/- | 1025/- |

### 2016-17 ,2017-18, 2018-19 വർഷങ്ങളിൽ മിൽമ കാലിത്തീറ്റയുടെ വിലനിലവാരം

| തീയതി | 2016-17 | 2017-18 | 2018-19 |
|---|---|---|---|
| 01.03.2016 | 990 | | |
| 01.10.2016 | 1000 | | |
| 16.01.2017 | 1010 | | |
| 15.05.2017 | | 1025 | |
| 21.02.2019 | | | 1045 |
| 01.04.2019 | | | 1070 |
| 21.05.2019 | | | 1120 |
| 11.07.2019 | | | 1170 |
| 01.08.2019 | | | 1195 |

(signature)

സെക്ഷൻ ഓഫീസർ